## വിശ്വാസത്തിന്റെ രണ്ട് വശങ്ങൾ

### I. പുതിയനിയമത്തിൽ, വിശ്വാസം വസ്തുനിഷ്ഠവും വ്യക്തിനിഷ്ഠവുമാണ്

- വസ്തുനിഷ്ഠമായ വിശ്വാസം — വിശ്വസിക്കുന്ന കാര്യങ്ങളെ, ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയുടെ ഉള്ളടക്കങ്ങളെ — ക്രിസ്തുവിന്റെ വ്യക്തിയോടും വേലയോടും ബന്ധപ്പെട്ട ഇനങ്ങളെ പരാമർശിക്കുന്നു
- വ്യക്തിനിഷ്ഠമായ വിശ്വാസം — വിശ്വാസിക്കുക എന്ന നമ്മുടെ പ്രവൃത്തിയെ പരാമർശിക്കുന്നു
- നമ്മുടെ വിശ്വാസം (വ്യക്തിനിഷ്ഠ വിശ്വാസം) നാം വിശ്വസിക്കുന്ന കാര്യങ്ങളിൽ നിന്നും നാം വിശ്വസിക്കുന്ന കാര്യങ്ങളിലും (വസ്തുനിഷ്ഠമായ വിശ്വാസം) ആണ്

## മുകളിൽ സൂചിപ്പിച്ച വസ്തുനിഷ്ഠമായ വിശ്വാസം നാം കാക്കണം

### II. "ഞാൻ വിശ്വാസം കാത്തു"

- ഇവിടെ വിശ്വാസം എന്നത് വസ്തുനിഷ്ഠമാണ്
- വിശ്വാസം കാക്കുകയെന്നാൽ ദൈവത്തിന്റെ മുഴുവൻ പുതിയനിയമ വ്യവസ്ഥയും — ദൈവത്തിന്റെ ദേഹരൂപവും ദൈവത്തിന്റെ മർമ്മവുമായ ക്രിസ്തുവിനെയും ക്രിസ്തുവിന്റെ ശരീരവും ക്രിസ്തുവിന്റെ മർമ്മവുമായ സഭയെയും സംബന്ധിച്ച വിശ്വാസം— കാക്കുന്നതാണ്

## വിശ്വാസം കാക്കുക മാത്രമല്ല അതിനായ് നാം പൊരുതുകയും വേണം

### III. "വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക"

- വിശ്വാസത്തിനുവേണ്ടി പൊരുതുകയെന്നാൽ ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയനുസരിച്ച് സമ്പൂർണ സുവിശേഷത്തിന്റെ ഉള്ളടക്കത്തിനുവേണ്ടി പൊതുതുക എന്നാണ് അർഥമാക്കുന്നത്
- വിശ്വാസത്തിൽനിന്നുള്ള വ്യതിചലനത്തിനെതിരെ പൊരുതണം, അതായത് വിശ്വാസത്തിന്റെ നല്ല പോർ പൊരുതണം

## പൊരുതുന്നത് ബാഹ്യമായല്ല നിത്യ ജീവനെ മുറുകെ പിടിച്ചുകൊണ്ടു വേണം പൊരുതുവാൻ

### IV. "നിത്യജീവനെ മുറുകെപ്പിടിക്കുക, അതിലേക്ക് നിന്നെ വിളിച്ചിരിക്കുന്നു"

- ക്രിസ്തീയ ജീവിതത്തിൽ വിശ്വാസത്തിന്റെ നല്ല പോർ പൊരുതുന്നതിന് നാം ഈ ജീവനെ—നിത്യജീവനെ, ദിവ്യജീവനെ—മുറുകെപ്പിടിക്കുകയും മനുഷ്യജീവനിൽ ആശ്രയിക്കാതിരിക്കുകയും വേണം
- നാം വസ്തുനിഷ്ഠമായി മാത്രമല്ല, വ്യക്തിനിഷ്ഠമായും നിത്യജീവനെ മുറുകെപ്പിടിക്കണം

## നിത്യ ജീവനെ മുറുകെപിടിച്ച് ജീവിക്കുമ്പോൾ അത് നമ്മിൽ ദൈവികതയുടെ ഒരു ജീവിതം ഉളവാക്കും

### V. ദൈവത്തിന്റെ വ്യവസ്ഥയിലെ ദിവ്യ സമ്പത്തിൽ പങ്കുചേരുവാനായി വിശ്വാസം കാക്കണം

- ദൈവത്തിന്റെ വ്യവസ്ഥ വിശ്വാസത്തിലുള്ള ഒരു കാര്യമാണ്, അതായത്, വിശ്വാസത്തിന്റെ മണ്ഡലത്തിലും മൂലകത്തിലും ആരംഭിക്കുകയും വികാസം പ്രാപിക്കുകയും ചെയ്ത ഒരു കാര്യമാണ്
- അവന്റെ പുത്രന്മാരാകുവാനും, അവനെ ആവിഷ്കരിക്കുവാൻ അവന്റെ ജീവനിലും പ്രകൃതത്തിലും പങ്കുചേരുവാനും നാം വിശ്വാസത്താൽ ദൈവത്തിൽനിന്നു ജനിച്ചു

## വിശ്വാസത്തിന്റെ മർമം മുറുകെപ്പിടിക്കുവാൻ സകല കലർപ്പിൽനിന്നും നീർമലീകരിക്കപ്പെട്ട ഒരു മനസ്സാക്ഷി നമുക്ക് ഉണ്ടാകണം

### VI. നാം വിശ്വാസത്തിന്റെ മർമം നിർമല മനസ്സാക്ഷിയിൽ മുറുകെപ്പിടിക്കണം

- വിശ്വാസത്തിന്റെ മർമം മുഖ്യമായും ദൈവത്തിന്റെ മർമമായ ക്രിസ്തുവും, ക്രിസ്തുവിന്റെ മർമമായ സഭയും ആണ്
- വിശ്വാസത്തിന്റെ മർമത്തെ മുറുകെപ്പിടിക്കുന്നതിന്, നമുക്ക് ഒരു നിർമല മനസ്സാക്ഷി, സകല കലർപ്പിൽനിന്നും നീർമലീകരിക്കപ്പെട്ട ഒരു മനസാക്ഷി, ഉണ്ടായിരിക്കണം

## ഒരിക്കലായി നമ്മുക്ക് ഈ വിശ്വാസം ഏല്പിച്ചിരിക്കുന്നു

### VII. "വിശുദ്ധന്മാർക്ക് ഒരിക്കലായി ഏല്പിച്ചിരിക്കുന്ന വിശ്വാസത്തിനുവേണ്ടി ആത്മാർഥമായി പോരാടുവാൻ..."

- ഇവിടെ വിശ്വാസം വ്യക്തിനിഷ്ഠമല്ല മറിച്ച് അത് വസ്തുനിഷ്ഠമാണ്
- ഈ വിശ്വാസത്തിനായി നാം പോരാടണം

## എന്നാൽ പ്രായോഗികമായ് ഈ വിശ്വാസത്തിന്റെ ഒരുമയിൽ നാം എത്തിച്ചേരണം

### VIII. നാമെല്ലാവരും "വിശ്വാസത്തിന്റെ ഒരുമയിൽ എത്തിച്ചേരണം"

- വിശ്വാസത്തിന്റെ ഒരുമ ദൈവപുത്രനെക്കുറിച്ചുള്ള നമ്മുടെ പൂർണ പരിജ്ഞാനത്തെ ആശ്രയിച്ചിരിക്കുന്നു
- നാം ക്രിസ്തുവിനെ കേന്ദ്രമായി എടുക്കുകയും അവനിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുമ്പോൾ മാത്രമേ നമുക്ക് വിശ്വാസത്തിന്റെ ഒരുമയിൽ എത്തിച്ചേരുവാൻ കഴിയുകയുള്ളൂ



അടുത്ത പേജ് കാണുക 👉

**എങ്ങനെ വിശ്വാസം കാക്കുവാൻ സാധിക്കും?**

**1. വസ്തുനിഷ്ഠമായ വിശ്വാസം —** വസ്തുനിഷ്ഠമായ വിശ്വാസം — ദൈവത്തിന്റെ പുതിയ നിയമ വ്യവസ്ഥയിലെ സമ്പൂർണമായ ഉള്ളടക്കത്തെ കാണുകയും വിലമതിക്കുകയും സ്വീകരിക്കുകയും ചെയ്യണം.

**2. സത്യം —** എപ്രകാരം നമുക്ക് ഇങ്ങനെയുള്ള വിശ്വാസം സ്വീകരിക്കുവാൻ സാധിക്കും? അത് സത്യത്തിലൂടെയാണ്. സത്യമെന്നത് വിശ്വാസത്തിന്റെ ഉള്ളടക്കത്തിന്റെ യാഥാർഥ്യമാണ്. വിശ്വാസം ഉണ്ടായിരിക്കുവാൻ നാം സത്യം അറിയണം. 1 തിമൊ 2:4 ൽ കാണുന്നതുപോലെ സത്യത്തിന്റെ പൂർണ പരിജ്ഞാനത്തിലേക്കു വരണം.

**3. പത്ഥ്യോപദേശം —** സത്യത്തെ സ്വീകരിക്കുവാൻ നമുക്ക് പത്ഥ്യോപദേശം ആവശ്യമാണ്. പഥ്യവചനങ്ങൾ, ദിവ്യ സത്യത്തെ ദിവ്യ യാഥാർഥ്യത്തോടുകൂടെ നമ്മിലേക്ക് പകരുന്നു. അപ്പോൾ നാം വിശ്വാസത്തിൽ ഉറയ്ക്കുവാൻ ഇടയാകും.

**4. നിത്യജീവനെ മുറുകെപ്പിടിക്കുക —** നാം സ്വീകരിച്ച ഈ വിശ്വാസം എങ്ങനെ ജീവിക്കുവാനും അനുഭവമാക്കുവാനും സാധിക്കും? അത് നിത്യജീവനെ മുറുകെപ്പിടിക്കുന്നതിലൂടെയാണ്. നിത്യ ജീവൻ നമുക്ക് ദൈവത്തിന്റെ വിശ്വാസത്തെ നിറവേറ്റുവാനുള്ള പ്രാപ്തി നൽകുന്നു.

**5. ദൈവികത —** നാം നാലാമത്തെ പോയിന്റിൽ പറഞ്ഞ നിത്യ ജീവനെ അനുഭവമാക്കുകയും ജീവിക്കുകയും ചെയ്യുമ്പോൾ, നമ്മുക്ക് ഒരു ജീവിതം അതായത് ദൈവികതയ്ക്ക് ഒത്തവണ്ണമുള്ള ഒരു ജീവിതം ഉണ്ടായിരിക്കും അതായത് ദൈവത്തെ, ദിവ്യ യാഥാർഥ്യത്തെ ആവിഷ്കരിക്കുന്ന ഒരു ജീവിതം.

**6. വ്യക്തിനിഷ്ഠമായ വിശ്വാസം —** വിശ്വാസത്തിന്റെ അനുഭവപരമായ, വ്യക്തിനിഷ്ഠമായ വശം. ദൈവികതയ്ക്ക് ഒത്തവണ്ണമുള്ള ഒരു ജീവിതം നമ്മിൽ വസ്തുനിഷ്ഠമായ വിശ്വാസത്തെ വ്യക്തിനിഷ്ഠമാക്കിത്തീർക്കും

**7. നിർമല മനസ്സാക്ഷി —** നമ്മുടെ ആത്മാവിന്റെ പ്രധാന ഭാഗമായ മനസ്സാക്ഷി, ദൈവവുമായുള്ള നമ്മുടെ ബന്ധത്തെ നീതീകരിക്കുകയോ കുറ്റം വിധിക്കുകയോ ചെയ്യുന്നു. അത് നമ്മെ ശോധന ചെയ്യുകയും, ദിവ്യ വിശ്വാസത്തിൽ നമ്മെ സന്തുലിതപ്പെടുത്തുകയും ചെയ്യുന്നു.

| ഈ ആഴ്ചത്തെ പ്രഭാത ഉണർവ്വിൽ കൊടുത്തിരിക്കുന്ന പാട്ട്<br>E1285 — ML 563 | | | |
|---|---|---|---|
| 1 വിശുദ്ധർക്ക് ഒരിക്കലായി<br>ഏല്പിച്ച വിശ്വാസം,<br>നൽകി നമുക്ക് കാക്കുവാൻ<br>പിടിച്ചുകൊള്ളുവാൻ.<br><br>ആരെ വിശ്വസിപ്പൂ എന്ന്<br>അറിയുന്നു, താൻ പ്രാപ്തൻ ആ നാളിൽ<br>പരിശുദ്ധാത്മാവിലൂടെ,<br>കാത്തീടും നാം നിക്ഷേപം. | 2 നല്ല നിക്ഷേപം ദൈവത്തിൻ<br>വ്യവസ്ഥയിൻ ലക്ഷ്യം.<br>അതില്ലാതെ പ്രത്യുദ്ധാര-<br>ത്തിൻ ലാക്ക് നാം തെറ്റും.<br><br>3 വിശ്വാസത്തിൻ മർമത്തിനായ്<br>നിർമല മനസാക്ഷി;<br>കർത്തൻ വാഞ്ഛിപ്പൂ വിശുദ്ധ<br>വേർപ്പെട്ട ജീവിതം. | 4 പഥ്യവചനം പിടിക്കും<br>വിശ്വാസം സ്നേഹത്തിൽ;<br>ഉപേക്ഷിക്കും വ്യത്യസ്ത പ-<br>ഠിപ്പിക്കൽ സംസാരം.<br><br>5 ദൈവികതയ്ക്കൊത്തതായ<br>പഥ്യോപദേശവും!<br>നല്ല നിക്ഷേപം, വിശ്വാസം,<br>വിശുദ്ധ ജീവിതം! | 6 കർത്താ, ഞങ്ങളെ ആക്ക ആ<br>വിശ്വസ്ത മനുഷ്യർ;<br>ആക്ക നമ്മെ - ആത്മാവ്, വി-<br>ശ്വാസത്തിൽ മാതൃക. |